**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1317

08.02.2013 ൽ
മറുപടിയ്ക്ക്

## ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഭക്ഷ്യവസ്തുക്കളുടെ വില അനിയന്ത്രിതമായി ഉയരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഭക്ഷ്യവസ്തുക്കളുടെ വില അനിയന്ത്രിതമായി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഭക്ഷ്യ വില നിയന്ത്രിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | ബി) സംസ്ഥാനത്ത് എല്ലാ ബി.പി.എൽ കാർഡുടമകൾക്കും കിലോയ്ക്ക് 1 രൂപ നിരക്കിൽ 25 കിലോ അരിയും എ.എ.വൈ കാർഡുടമകൾക്ക് കിലോയ്ക്ക് 1 രൂപ നിരക്കിൽ 35 കിലോ അരിയും വിതരണം ചെയ്തു വരുന്നു. കൂടാതെ എ.പി.എൽ വിഭാഗത്തിൽപ്പെട്ട സബ്സിഡിക്ക് അർഹരായ കുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്യുന്നു. ഒ.എം.എസ്.എസ് നിരക്കിൽ കേന്ദ്രം അനുവദിച്ചിട്ടുള്ള ഉയർന്ന ഗുണനിലവാരമുള്ള അരിയും ഗോതമ്പും വിതരണം ചെയ്യുന്നു. കൂടാതെ പ്രത്യേക വിഹിതമായി ബി.പി.എൽ വിഭാഗത്തിന് വിതരണത്തിനായി 132725 മെ.ടൺ അരിയും 54211 മെ.ടൺ ഗോതമ്പും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ആയത് നിലവിലുള്ള ബി.പി.എൽ കാർഡുകാർക്ക് 25 കി.ഗ്രാം അരി 1 രൂപ തിരക്കിലും 10 കി.ഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും വിതരണം ചെയ്യുന്നതിനു പുറമെ 5 കി.ഗ്രാം അരി 6.20 നും 2 കി.ഗ്രാം ഗോതമ്പ് 4.70 നും വിതരണം ചെയ്യുകയും ചെയ്യുന്നു. 2009 ലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ബി.പി.എൽ കാർഡ് ലഭിക്കാത്തതുമായ 11.80 ലക്ഷം കുടുംബങ്ങൾക്ക് നിലവിൽ ലഭിക്കുന്ന വിഹിതത്തിന് പുറമെ 19 കി.ഗ്രാം അരി 6.20 രൂപ നിരക്കിലും 6 കി.ഗ്രാം ഗോതമ്പ് 4.70 രൂപ നിരക്കിലും അടുത്ത 4 മാസങ്ങളിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

പൊതുവിപണിയിൽ അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സപ്ലൈകോയും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 13 ഇനം അവശ്യ നിത്യോപയോഗസാധനങ്ങളും വിപണി വിലയേക്കാൾ 50% വരെ വിലക്കുറച്ച് വിറ്റും വിപണിയിൽ വിലനിലവാരം പിടിച്ചു നിർത്തുന്നുണ്ട്. കൂടാതെ പ്രാദേശികമായി ജനങ്ങൾക്ക് താൽപ്പര്യമുള്ള വിവിധ ഇനം മട്ട അരി കി.ഗ്രാമിന് 16 രൂപ നിരക്കിലും ജയ അരി 21 രൂപ നിരക്കിലും കുറുവ അരി 19 രൂപ നിരക്കിലും ഒ.എം.എസ്.എസ് പ്രകാരം പുഴുക്കലരി 19.50 രൂപ നിരക്കിലും പച്ചരി 21 രൂപ നിരക്കിലും സപ്ലൈകോ വഴി വിതരണം ചെയ്യുന്നു. അരിയും പല വ്യഞ്ജനങ്ങളും കൂടാതെ എഫ്.എം.സി.ജി സാധനങ്ങൾ എം.ആർ.പി യേക്കാളും വില കുറച്ച് സപ്ലൈകോ വഴി വിതരണം നടത്തുന്നു.

കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്നവയും സഹകരണ സംഘങ്ങൾ നടത്തുന്നവയുമായ നന്മ സ്റ്റോറുകളിലൂടെയും ഗുണമേന്മയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിൽപ്പന നടത്തുന്നുണ്ട്.

Beena

സെക്ഷൻ ഓഫീസർ